LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര വനാവകാശ നിയമം

192 (T* 4527) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനഭൂമിയിൽ ആദിവാസി വിഭാഗങ്ങൾക്ക് കൂടുതൽ അധികാരം നൽകുന്ന കേന്ദ്ര വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത കേന്ദ്രനിയമ പ്രകാരം ഏതൊക്കെ പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കേന്ദ്ര വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. വനാവകാശ നിയമം നടപ്പാക്കുന്നതിനായി ഗ്രാമതലത്തിൽ ഊരുകൂട്ടങ്ങളും (വനാവകാശ കമ്മിറ്റി), സബ് ഡിവിഷൻതല കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നിവ രൂപീകരിച്ച് നടപടി നടത്തിവരുന്നു. നിലവിൽ വനാവകാശ കമ്മിറ്റികൾക്ക് ഭൂമിയിന്മേലുള്ള വ്യക്തിഗത അവകാശത്തിനു ലഭിച്ച 35025 അപേക്ഷകളിൽ ഗ്രാമസഭ പാസ്സാക്കിയ 31269 എണ്ണത്തിൽ 24621 അപേക്ഷകർക്ക് റ്റൈറ്റിലുകൾ നല്കിക്കഴിഞ്ഞു. സബ് ഡിവിഷണൽ കമ്മിറ്റികളും, ജില്ലാതല കമ്മിറ്റികളും തള്ളിക്കളഞ്ഞ 3730 അപേക്ഷകൾ കഴിഞ്ഞാൽ ഇനിയും നടപടി എടുക്കേണ്ടത് 2918. അപേക്ഷകളിലാണ്. സാമൂഹിക ആവശ്യങ്ങൾക്കായി ലഭിച്ചവയിൽ ഗ്രാമസഭ പാസ്സാക്കിയ 441 അപേക്ഷകളിൽ 121 എണ്ണത്തിന് അവകാശ രേഖകൾ നല്കി. ഊരുകളിലെ വികസനാവശ്യത്തിന് ഗ്രാമസഭ പാസ്സാക്കി വനം വകുപ്പിൽ ലഭിച്ച 560 അപേക്ഷകളിൽ 450 എണ്ണത്തിൽ 201.46 ഏക്കർ വനഭൂമി അനുവദിച്ചു നല്കിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ വനത്തിനുള്ളിൽ ആദിവാസി സെറ്റിൽമെന്റുകൾ നിലവിലില്ല. അതിനാൽ വനാവകാശ നിയമം നടപ്പിലാക്കുവാൻ പര്യാപ്തമായ പ്രദേശങ്ങൾ ഇല്ല.

കണ്ടൽ വനങ്ങളുടെ സംരക്ഷണം

193 (4528) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഹെക്ടർ കണ്ടൽ വനങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) നശിപ്പിക്കപ്പെട്ട കണ്ടൽ വനങ്ങൾ വീണ്ടെടുക്കുന്നതിനും പുനസൃഷ്ടിക്കുന്നതിനുമായി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വീണ്ടെടുത്ത ഭൂമി എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഡി) കടലാക്രമണ പ്രതിരോധത്തിന് കണ്ടൽ വച്ചുപിടിപ്പിക്കാനാവുന്ന മേഖലകളിൽ അതു വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അടുത്തകാലത്തായി കേരളത്തിൽ എത്ര ഹെക്ടർ കണ്ടൽ വനങ്ങളുണ്ടെന്നുള്ള പഠനം നടത്തിയിട്ടില്ല. എന്നിരുന്നാലും ലഭ്യമായ കണക്കുകൾ പ്രകാരം കേരളത്തിൽ 1671 ഹെക്ടർ കണ്ടൽ വനങ്ങളുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

ജില്ല	ഹെക്ടർ
തിരുവനന്തപുരം	23
കൊല്ലം	58
ആലപ്പുഴ	90
കോട്ടയം	80
എറണാകുളം	260
തൃശ്ശൂർ	21
മലപ്പുറം	12
കോഴിക്കോട്	293
കണ്ണൂർ	755
കാസർഗോഡ്	79
ആകെ	1671

(ബി) കണ്ടൽ വനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നൽകുന്ന സേവനങ്ങളും കണക്കിലെടുത്ത് നിലവിലുള്ള കണ്ടലുകളെ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ സംരക്ഷിക്കുന്നതിനും ആയതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും അവ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുക, കണ്ടൽ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിച്ചു നിലനിർത്താൻ താല്പര്യമുള്ള സ്വകാര്യ വ്യക്തികൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന മാർഗരേഖയുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4,000 രൂപ പാരിതോഷികമായി നൽകുക, കണ്ടൽ വനങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും സ്വാഭാവിക പുനരുജ്ജീവനം നൽകുന്നതിനും സാമ്പത്തിക സഹായം നൽകുകയും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ കണ്ടലുകളുടെ സംരക്ഷണ പ്രാധാന്യത്തെക്കുറിച്ച് അവബോധം ഉണ്ടാക്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങളാണ് വനം വകുപ്പ് കണ്ടൽ കാടുകളുടെ സംരക്ഷണ പദ്ധതിയിൽ നടപ്പിലാക്കിവരുന്നത്.

(സി) ഇല്ല.

(ഡി) കടലാക്രമണ പ്രതിരോധത്തിന് കണ്ടൽ വച്ചുപിടിപ്പിക്കാനാവുന്ന മേഖലകളിൽ അതു വച്ചുപിടിപ്പിക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

കാട്ടുതീ

194 (4529) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാല കാട്ടുതീയിൽനിന്നും കാടുകളെ സംരക്ഷിക്കാൻ സ്വീകരിക്കുന്ന മുൻകരുതൽ നടപടികൾ വിശദമാക്കുമോ ;

(ബി) വനത്തിനുള്ളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും പ്രധാന മേഖലകളിൽ ജലലഭ്യത ഉറപ്പാക്കാനും നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ ;

(സി) തീപിടിത്തസാദ്ധ്യതാ പ്രദേശങ്ങൾ മുൻകൂർ തിരിച്ചറിയാറുണ്ടോ ; ഈ വർഷം അത്തരത്തിലെ എത്ര പ്രദേശങ്ങൾ കണ്ടെത്തി ; അവിടെ എവിടെയെങ്കിലും തീപിടിത്തം ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വനമേഖലയിൽ അഗ്നി പ്രതിരോധപ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. ഫയർ സീസണിന്റെ തുടക്കത്തിൽ കൺട്രോൾ ബേണിംഗ് നടത്തി മുൻകരുതൽ എടുത്തിട്ടുണ്ട്. വനസംരക്ഷണ ജീവനക്കാർക്കു പുറമേ ഫയർ

LIBRARY ARCHIVES Kerala Legislative Assembly